**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 218** **07-10-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.കളുടെ കെട്ടിടനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ)** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, നെല്ലിയാമ്പതി പഞ്ചായത്തുകളിൽ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടപ്പിലാക്കുന്ന പി.എച്ച്.സി.കളുടെ കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) | **എലവഞ്ചേരി , നെല്ലിയാമ്പതി എന്നീ പി എച്ച് സി കളുടെ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കൈമാറുന്നതിന് സ.ഉ(സാധാ) നം 1643/2024/LSGD തിയതി 07.09.2024 പ്രകാരം എൻ.എച്ച്. എമ്മിന് 35,75,000/- രൂപ വീതം കൈമാറുന്നതിനുള്ള അനുമതി നൽകി ഉത്തരവായിട്ടുണ്ട്.** |
| (ബി) | പ്രസ്തുത കെട്ടിടങ്ങളുടെ പണി എന്ന് തുടങ്ങാൻ കഴിയുമെന്നും ആയതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും വിശദമാക്കുമോ? | (ബി) | **പ്രസ്തുത ഫണ്ട് ലഭിക്കുന്ന മുറക്ക് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതായിരിക്കും.** |

സെക്ഷൻ ഓഫീസർ